# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 11**

---

## എം.ജി സർവകലാശാലയിലെ യു3എക്ക് അന്തർദേശിയ അംഗീകാരം

*മുതിർന്ന പൗരൻമാരുടെ ജീവിതത്തിൻറെ മൂന്നാം ഘട്ടം സന്തോഷകരമാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്ന ആഗോള കൂട്ടായ്മയായ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിൻറെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിറ്റിന്(എംജിയു3എ) രാജ്യാന്തര അംഗീകാരം. ഹോങ്കോംഗ് മെട്രോപ്പൊളിറ്റൻ യൂണിവേഴ്സിറ്റിയിൽ മാർച്ച് 31 മുതൽ സംഘടിപ്പിക്കുന്ന അസോസിയേഷൻ ഓഫ് ഇൻറർനാഷണൽ യൂണിവേഴ്സിറ്റീസ് ഓഫ് ദ തേഡ് ഏജിൻറെ (എഐയുടിഎ) അന്താരാഷ്ട്ര സമ്മേളനത്തിൽ ഇന്ത്യയിൽനിന്നുള്ള മാതൃകയായി എം.ജി.യു യു3എ അവതരിപ്പിക്കപ്പെടും.*

*സമ്മേളനത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറും സിൻഡിക്കേറ്റ് അംഗം ഡോ. കെ.ആർ. ബൈജുവും അടങ്ങുന്ന 22 അംഗ സംഘം സർവകലാശാലയെ പ്രതിനിധീകരിക്കും. എംജിയു3എ ഡയറക്ടർ ഡോ. ടോണി തോമസ് റിപ്പോർട്ട് അവതരിപ്പിക്കും. മെൻറർ ഡോ. തോമസ് ഏബ്രഹാം ചർച്ചകൾ നയിക്കും.*

*സമ്മേളനത്തിൻറെ ആദ്യ ദിവസം യു3എ കൊല്ലം ജില്ലാ കോ-ഓർഡിനേറ്റർ മംഗളേശ്വരി എഴുതി ചിട്ടപ്പെടുത്തിയ എംജിയു3എ തീം സോംഗ് തിരുവാതിര കളിയായി അവതരിപ്പിക്കും.*

*85ലേറെ രാജ്യങ്ങളിൽ യു3എ പ്രവർത്തിക്കുന്നുണ്ടെങ്കിലും അംഗങ്ങളുടെ മാനസിക സാമൂഹ്യ ക്ഷേമം ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിറ്റ് നടത്തുന്ന ക്രിയാത്മക ഇടപെടൽ പുതു മാതൃകയാണെന്ന് യു3എ ആഗോള പ്രസിഡൻറ് ഫ്രാൻസ്വാ വെല്ലാസ് വിലയിരുത്തി.*

*ആഗോളതലത്തിൽ യു3എയ്ക്ക് രണ്ടു മാതൃകകളാണുള്ളത്. യൂറോപ്പിൽ പൊതുവെയുള്ള ലൈഫ് ലോംഗ് ലേണിംഗും യുകെയിലെ സീനിയർ സോഷ്യൽ*

*ക്ലബും. ഈ രണ്ട് മാതൃകകളുടെയും അന്തസത്ത നിലനിർത്തി തീം സെൻറേഡ് ഇൻററാക്ഷൻ(ടിസിഐ) രീതി കൂടി ഉൾപ്പെടുത്തിയാതാണ് എം.ജി സർവകലാശാലയിലെ യു3എയുടെ പ്രവർത്തന രീതിയുടെ സവിശേഷത. പ്രവർത്തനത്തിൽ ബട്ടർഫ്‌ളൈ ഫൗണ്ടേഷൻ ഫോർ ടിസിഐ ഇൻറർനാഷണലിൻറെ സഹകരണവുമുണ്ട്. ടി.സി.ഐയുടെ ഫെസിലിറ്റേറ്റർമാരാണ് ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.*

*2023 മാർച്ചിൽ പ്രവർത്തനമാരംഭിച്ച എംജിയു3എയ്ക്ക് സംസ്ഥാനത്താകെ നിലവിൽ 150ലധികം യൂണിറ്റുകളും 2500ലധിക അംഗങ്ങളുമുണ്ട്. 55 വയസിനു മുകളിലുള്ളവർക്കാണ് അംഗത്വം നൽകുന്നത്.*

*അന്താരാഷ്ട്ര സമ്മേളനത്തിനു മുന്നോടിയായുള്ള അവലോകന യോഗം ഫെബ്രുവരി 16ന് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരിപ്പുറത്ത് നടക്കും. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിൻറെ സാന്നിധ്യത്തിൽ നടക്കുന്ന യോഗത്തിൽ എല്ലാ ജില്ലകളിലെയും കോ-ഓർഡിനേറ്റർമാരും പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലെ യൂണിറ്റ് ലീഡർമാരും പങ്കെടുക്കും.*

ഫോട്ടോ

*എം.ജി സർവകലാശാല യു3എയുടെ ലോഗോ*

*(പി.ആർ.ഒ/39/1297/2025)*

## പ്രാക്ടിക്കൽ

*ഒന്നാം സെമസ്റ്റർ ബിവോക്ക് റിന്യൂവബിൾ എനർജി മാനേജ്‌മെൻ്റ്, റിന്യൂവബിൾ എനർജി ടെക്‌നോളജി ആൻ്റ് മാനേജ്‌മെൻ്റ് (പുതിയ സ്‌കീം 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്‌മെൻ്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 15 മുതൽ കാലടി ശ്രീ ശങ്കര കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ*

**......................**

*ഒന്നാം സെമസ്റ്റർ എംഎസ്സി ഇലക്ട്രോണിക്സ് (സിഎസ്എസ്-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്‌മെൻ്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 17ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

**......................**

*ഒന്നാം സെമസ്റ്റർ എംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (സിഎസ്എസ്-2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 13 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1298/2025)*

## <u>അനിമൽ അറ്റൻഡർ; വാക്-ഇൻ-ഇന്റർവ്യൂ</u>

*മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസ് വകുപ്പിലെ അനിമൽ ഹൗസിൽ താൽകാലിക കരാർ അടിസ്ഥാനത്തിൽ അനിമൽ അറ്റൻഡർ നിയമനത്തിനുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 20ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ. ഫോൺ-0481-2733240*

*(പി.ആർ.ഒ/39/1299/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**